**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2587** **27-02-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ഇവ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഒന്നും തന്നെ ഇല്ല. |
| (ബി) | കെ.എസ്.ഇ.ബി. യിൽ താഴെ തട്ടിലുള്ള ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം നികത്തുവാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തുന്നതിനായി കാലതാമസം കൂടാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. എന്നാൽ സി.ഇ.എ. (സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി) റഗുലേഷൻ നിഷ്കർഷിക്കുന്ന യോഗ്യത ആവശ്യമായ മസ്ദൂർ ഉൾപ്പെടെയുള്ള തസ്തികകളിൽ, നിലവിലുള്ള യോഗ്യത പരിഷ്കരിച്ച ശേഷം മാത്രമേ പി.എസ്.സി. വഴി നിയമനം നടത്താൻ കഴിയുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ